13 (305) ട്രഷറി നിക്ഷേപങ്ങൾക്കുള്ള പലിശ

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി സേവിംഗ്സ് ബാങ്കിലെ നിക്ഷേപങ്ങൾക്ക് സാധാരണ നൽകുന്ന പലിശ നിരക്ക് എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ടേം ഡെപ്പോസിറ്റുകളുടെ പലിശ നിരക്ക് എത്രയാണെന്ന് വിശദ മാക്കാമോ;

(സി) ഏതെങ്കിലും ഡെപ്പോസിറ്റിന് പ്രത്യേക നിരക്കിൽ പലിശ അനുവദിക്കാൻ സർക്കാരിന് അധികാരമുണ്ടോ;

(ഡി) എങ്കിൽ എപ്പോഴെങ്കിലും ഡെപ്പോസിറ്റിന് പ്രത്യേക പലിശ നിരക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിന് 6% പലിശ നൽകു ന്നു.

(ബി) 1) 46 ദിവസം വരെയുള്ള സ്ഥിരനിക്ഷേപം - 9%.

2) 180 ദിവസം മുതൽ 1 വർഷത്തിന് താഴെ - 10%

3) 1 വർഷം മുതൽ 3 വർഷം വരെ - 13%

4) 3 വർഷത്തിനുമേൽ - 13 1/2%

(സി) സർക്കാരിന് അധികാരമുണ്ട്.

(ഡി) പ്രത്യേക പലിശ നിരക്ക് അനുവദിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേ ശമനുസരിച്ച് സഹകരണ ബാങ്കുകൾ, ബോർഡുകൾ, ഇവരുടെ നിക്ഷേപ ങ്ങൾക്ക് ഉയർന്ന പലിശ നിരക്ക് അനുവദിച്ചിട്ടുണ്ട്. (ജി.ഒ.നം.42753/എസ്. എസ്.1/98/ഫിൻ. തീയതി 4.6.99 അനുസരിച്ച് സഹകരണ ബാങ്ക് നിക്ഷേപ ങ്ങൾക്ക് 15% പലിശ അനുവദിച്ചിട്ടുണ്ട്.

14 (306) ശമ്പള പരിഷ്കരണത്തിലെ അപാകത

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരി ക്കാനായി സർക്കാർ നിയോഗിച്ച എംപവേർഡ് കമ്മിറ്റിയുടെ ഘടന എന്താണ്;

;

(ബി) കമ്മിറ്റി മുമ്പാകെ എത്ര നിവേദനങ്ങളാണ് ലഭിച്ചത്;

(സി) ഇതിൽ എത്ര നിവേദനങ്ങളിന്മേൽ തീരുമാനമെടുത്തു;

(ഡി) ഈ കമ്മിറ്റി എത്ര പ്രാവശ്യം യോഗം ചേർന്നുവെന്നു വ്യക്ത മാക്കാമോ;

(ഇ) അപാകതകൾ പരിഹരിക്കുന്നതു സംബന്ധിച്ച് ഈ കമ്മിറ്റി യെടുത്ത പൊതുവായ തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടു ത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)കമ്മിറ്റി ശുപാർശ പ്രകാരം അപാകത പരിഹരിക്കുന്നതിന് സർക്കാരിന് എന്തു തുകയുടെ അധിക ബാദ്ധ്യത ഉണ്ടായി?

ഉത്തരം

(എ) ചീഫ് സെക്രട്ടറി ചെയർമാനും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയും മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും അംഗങ്ങളുമായതാണ് എംപവേർഡ് കമ്മിറ്റിയുടെ ഘടന.

(ബി) മിക്കവാറും എല്ലാ സർവീസ് സംഘടനകളും അനവധി വ്യക്തികളും കമ്മിറ്റിക്ക് നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

(സി) കാര്യമാത്ര പ്രസക്തമായ എല്ലാ നിവേദനങ്ങളും കമ്മിറ്റിയുടെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) കമ്മിറ്റി അഞ്ച് പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

(ഇ) കമ്മിറ്റി ഇതുവരെ ശുപാർശകൾ നല്കിയിട്ടില്ല.

(എഫ്)കമ്മിറ്റിയുടെ ശുപാർശകൾ ലഭിച്ചിട്ടില്ല.

15 (307) സർക്കാർ ജീവനക്കാർക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗവൺമെന്റ് ജീവനക്കാർ അടയ്ക്കുന്ന പ്രോവിഡന്റ് ഫണ്ട് തുകയിൽനിന്ന് വായ്പയെടുക്കുന്നതു സംബന്ധിച്ച കാര്യത്തിൽ ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എന്തെല്ലാം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ജീവനക്കാർ അടച്ച തുകയിൽനിന്ന് വായ്പയെടുക്കുന്നതു സംബന്ധിച്ച് ഇത്തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനുള്ള കാരണങ്ങൾ എന്തെന്ന് അറിയിക്കുമോ;

(സി) തുടർച്ചയായുള്ള എംപ്ലോയ്മെന്റ് സർവ്വീസ് പെൻഷൻ കണക്കാക്കുന്നതിനുള്ള സർവ്വീസായി കണക്കിലെടുത്ത നടപടി ഈ ഗവൺമെന്റ് വന്നശേഷം വേണ്ടെന്നു വച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചട്ടങ്ങൾക്ക് വിധേയമായി ഗസറ്റഡ് ആഫീസ് തലവൻമാർക്ക് പൊതു പ്രോവിഡന്റ് ഫണ്ടിൽനിന്നും അനുവദിക്കാവുന്ന ഹ്രസ്വകാല വായ്പ തുകയുടെ ഉയർന്ന പരിധി 6.12.94-ലെ സർക്കാർ ഉത്തരവ് 856/94/ധന അനുസരിച്ച് 10,000/-രൂപ ആയി നിജപ്പെടുത്തിയിരുന്നു. അതിനെ തുടർന്ന് സർക്കാരിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളെയും താഴെ പറയുന്ന നാലു വിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗത്തിലേയും ആഫീസ് തലവന്മാർക്ക്

LIBRARY ARCHIVES Kerala Legislative Assembly